(ബി) സംസ്ഥാനത്ത് പോലീസ് സംവിധാനത്തിൽ കോൺസ്റ്റബിൾ ഹെഡ്കോൺസ്റ്റബിൾമാരുടെ പ്രൊമോഷൻ സാദ്ധ്യത വളരെ കുറവാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പോലീസ് കോൺസ്റ്റബിൾമാരുടെ ട്രെയിനിംഗ് സിലബസ് 19-5-2004-ലെ ജി.ഒ. (എം.എസ്.) നം. 192/04/ആഭ്യന്തരം ഉത്തരവ് പ്രകാരം പരിഷ്ക്കരിച്ചിട്ടുണ്ട്. ഈ സിലബസ് പ്രകാരം നിയമാനുബന്ധ വിഷയങ്ങൾ കൂടാതെ യോഗ, കരാട്ടേ, നീന്തൽ, കമ്പ്യൂട്ടർ, ഡ്രൈവിംഗ് തുടങ്ങിയ പരിശീലനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. പോലീസുദ്യോഗസ്ഥർ അനുവർത്തിക്കേണ്ട സ്വഭാവരീതികളും തെളിവുനിയമങ്ങളും പഠിപ്പിക്കുന്നതിനായി സിലബസിൽ മാറ്റം വരുത്തിയിട്ടുണ്ട്. കൂടാതെ പോലീസ് അക്കാഡമിയിൽ ട്രാഫിക് സ്ക്കൂൾ, മ്യൂസിക് സ്ക്കൂൾ, ടെലികമ്മ്യൂണിക്കേഷൻ സ്ക്കൂൾ തുടങ്ങിയ പരിശീലന രീതിയും ആവിഷ്ക്കരിച്ചു വരുന്നു. സർവ്വീസിലുള്ള പോലീസുകാർക്ക് പരിശീലനം കൊടുക്കുന്ന കാര്യത്തിലും പോലീസ് ട്രെയിനിംഗ് കോളേജ് സജീവ ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

(ബി) പോലീസ് വകുപ്പിലെ കോൺസ്റ്റബിൾമാരുടെയും ഹെഡ് കോൺസ്റ്റബിൾമാരുടെയും പ്രൊമോഷൻ സാദ്ധ്യത വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

പോലീസ് അക്കാഡമിയിൽ വിവിധ സേനാ വിഭാഗങ്ങൾക്കുള്ള പ്രാതിനിധ്യം

39 [2524] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസ് അക്കാഡമി ആംഡ് റിസർവ്വ് വിഭാഗത്തിന് നൽകിയിട്ടുള്ള പ്രാതിനിധ്യത്തിന്റെ വിശദാംശങ്ങൾ പറയാമോ;

(ബി) ഹെഡ്കോൺസ്റ്റബിൾ മുതലുള്ളവർക്ക് അക്കാഡമിയിൽ പ്രാതിനിധ്യം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പരാതി പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 20 എ.ആർ.എച്ച്.സി.-മാരും 30-ഓളം എ.ആർ.പി.സി.-മാരും അക്കാഡമിയിൽ ജോലി ചെയ്യുന്നുണ്ട്. ഇത് അക്കാഡമിയുടെ ആകെയുള്ള 386 തസ്തികകളിൽ ഏതാണ്ട് ഏഴിലൊന്നോളം വരും എന്നാൽ എച്ച്.സി./പി.സി. റാങ്കിലുള്ളവരുടെ മാത്രം തസ്തിക എടുത്താൽ 162 തസ്തികകളിൽ 50 എന്ന് പറയുന്നത് മൂന്നിലൊന്ന് തസ്തികകളിൽ അല്പം കുറവാണ്.

(ബി) ഇല്ല.

(സി) പരാതി ലഭിക്കുന്നപക്ഷം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly